attempts of conservatism. No member need bestow any consideration whatsoever on such attempts on the part of the persons who want to continue for sometime more this wretched institution of child marriage and I request therefore that the House may be pleased to throw out the amendment.

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ പ്രസിഡണ്ട്, സർ, (സാക്രിമെൻറൽ ആസ്പെക്ട്) മതതത്വത്തെ ആസ്പദമാക്കിയുള്ള ആശയങ്ങളിൽക്കൂടി വിവാഹത്തെ സംബന്ധിച്ചു് ആലോചിച്ചുനോക്കുന്നവക്കാണു് ബഹുമാനപ്പെട്ട കൊട്ടങ്ങല്ലൂർ മെമ്പർ അവർകളുടെ ഈ ഭേദഗതി ബില്ലിന്റെ ആഴത്തെക്കുറിച്ചു മനസ്സിലാക്കുവാൻ കഴിയുന്നതു്. ബ്രാഹ്മണസമുദായം വിവാഹത്തെ സാക്രിമെൻറ് ആയി കരുതുന്നവരാണു്, മറ്റു ചില സമുദായങ്ങൾക്കും കരാറാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചിലക്കു കരാറും, ചിലക്കു തകരാറും.

മിസ്റ്റർ സി. വി. ഇയ്യു: പാശ്ചാത്യരുടെയിടയിൽ റോമൻകത്തോലിക്കർ ഒഴികെ ബാക്കിയുള്ള ക്രസ്ത്യാനികളും സാക്രിമെൻറല്ലാത്തവിധത്തിൽ വിവാഹത്തെ കരുതുന്നവക്കു് ആയതു ഒഴിവാക്കാവതല്ലാത്ത ഒരു തരം കരാറുമാത്രം ആണു്. സമുദായങ്ങൾക്കു് സാക്രിമെൻറല്ലാത്തവക്കു പൊതുവെ ലോകത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ കരാറിനല്ലാതെ മതത്തിന്നു സ്ഥാനം കൊടുക്കാത്ത കാലമാണു്. അതിന്റെ വേറെ ഒരു വകഭേദമായിട്ടാണു് മിസ്സിസ്സ് മേനോൻ ഉദ്ദേശം രണ്ടു കൊല്ലം മുമ്പു ശൈശവവിവാഹ നിരോധന ബിൽ ഇവിടെ അവതരിപ്പിയ്ക്കുവാൻ കാരണമായിട്ടുള്ളതു്. ഈ സഭയിലെ അംഗങ്ങളിൽ ബ്രാഹ്മണരെ കൂടാതെ കത്തോലിക്കരിലും ജാക്കബയിറ്റ് ക്രസ്ത്യൻ സമുദായത്തിലും ഉൾപ്പെട്ടവർ അംഗങ്ങളും വിവാഹം സാക്രിമെൻറാണെന്നു വിശ്വസിക്കുന്നവരാണു്- ആ സമുദായങ്ങളിൽ വിവാഹത്തിന്റെ വയസ്സിനെ നിയന്ത്രിക്കുന്ന വല്ല നിയമവും ഉണ്ടാക്കുവാനിടയായിട്ടുണ്ടെങ്കിൽ അതു പാശ്ചാത്യരുടെ ഇടയിലുള്ള മതവിരുദ്ധകക്ഷികളുടെ പ്രേരണകൊണ്ടോ, അനാവശ്യമായ സ്വാതന്ത്ര്യബുദ്ധികൊണ്ടോ ആയിരിയ്ക്കണം. എനിക്കു ഹിന്ദുമതത്തേയൊ ക്രസ്ത്യാനി മതത്തേയൊ സംബന്ധിച്ചു പറയത്തക്ക പാണ്ഡിത്യമൊന്നുമില്ല. എങ്കിലും സാമാന്യമായ ചില വിവരങ്ങൾ ഈ സഭയെ ബോധിപ്പിക്കേണ്ടതായിട്ടുണ്ടു്. ബഹുമാനപ്പെട്ട കൊട്ടങ്ങല്ലൂർ മെമ്പറുടെ ഈ ഭേദഗതി സാക്ഷാൽ ബില്ലിനെ ആകെ തകിടംമറിക്കുന്ന ഒന്നാണെന്നു തെറ്റിദ്ധരിയ്ക്കുന്നതു വളരെ അബദ്ധമാണു്. ബഹുമാനപ്പെട്ട നെല്ലായി മെമ്പർ അവർകൾ അദ്ദേഹത്തിന്റെ ദീർഘകാലത്തെ ലോകപരിചയംകൊണ്ടും, ഈ വക സംഗതികളിലുള്ള അനന്തരസാധാരണമായ പ്രാപ്തികൊണ്ടും അദ്ദേഹത്തിന്റെ പ്രായം വേദവാക്യംപോലെ സ്വീകരിക്കുകയും, വിശ്വസിയ്ക്കുകയും ചെയ്യണമെന്നാണു ഞാൻ പറയുന്നതു്. ബഹുമാനപ്പെട്ട മിസ്റ്റർ ഭാസ്കരമേനോന്റെ ബില്ലിൽ ശൈശവവിവാഹ നിരോധന നിയമത്തെ തകിടംമറിയ്ക്കുവാനുള്ള യാതൊരു ഉദ്ദേശവുമില്ല എന്നുള്ളതു സത്യമാണു്. എന്നാൽ ശൈശവവിവാഹനിരോധന നിയമം അതുപോലെതന്നെ നിലനിന്നുപോകാൻ എല്ലാ സൌകര്യങ്ങളും ഉണ്ടാവാനും വിവാഹത്തിന്റെ ആവശ്യം മൂഗീയമായവിധത്തിൽ മനുഷ്യൻ ജീവിക്കേണ്ട ഒരുദ്ദേശത്തോടുകൂടി, മനുഷ്യന്റെ മൂഗീയമായ അഗ്രഹങ്ങളെ സാധിപ്പിയ്ക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയുള്ളതാണെന്നു വിചാരിക്കുന്നതാണു് അബദ്ധം. ജൂതന്മാരുടെ തത്വമനുസരിച്ചു് ഒരു മനുഷ്യനു തുണവേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ആദാമിനു ഹവ്വായെ ദൈവം സൃഷ്ടിച്ചതു്. ഹിന്ദുമതതത്വപ്രകാരം കുറേക്കൂടി കടന്നു് "സന്തത്യർത്ഥംവിവാഹം" എന്നാണു പറ

LIBRARY ARCHIVES Kerala Legislative Assembly

യുന്നതു്. സന്താനോല്പാദനം മാത്രമാണു് വിവാഹത്തിന്റെ ആവശ്യമെന്നുവരുന്നു. ഞാൻ ക്രിസ്ത്യമത തത്വത്തെ അനുസരിച്ചിട്ടുണ്ടു്; ഹിന്ദുമത തത്വത്തെ അനുസരിച്ചിട്ടില്ലെന്നേയുള്ളു. വിവാഹത്തിന്റെ ആദ്ധ്യാത്മികവശങ്ങളെ കേടുവരുത്തരുതെന്നുള്ളതു് ഈ സഭ മതസ്വാതന്ത്ര്യത്തിന്റെ പേരിൽ ആലോചിക്കണം. വിവാഹം കഴിഞ്ഞാൽ consummation എപ്പോൾ നടക്കുമെന്നുള്ളതിനെപ്പറ്റി കുറെക്കൂടി വിശദമായ നിലയിൽ ബ്രാഹ്മണർ മറുപടി പറയുമെങ്കിലും, എന്റെ ചുരുങ്ങിയകാലത്തെ പരിചയത്തിൽ അതിനെ സംബന്ധിച്ചു് അറിയുവാനുള്ള ധാരാളം ഔകര്യമുണ്ടായിട്ടുള്ളതുകൊണ്ടു് അതിവിടെ പറയാതെ തരമില്ല. ശൈശവവിവാഹ നിരോധന ബിൽ പാസായതിനുശേഷം ആ ബില്ലുപ്രകാരം ഒരു വിവാഹംകഴിഞ്ഞിട്ടുംകൂടി കുറെക്കാലം കഴിഞ്ഞശേഷമാണു് consummation നടന്നതായി അറിയുവാനിടയായതു്. എന്റെ ഒരു ബ്രാഹ്മണസ്നേഹിതന്റെ വിവാഹത്തെ സംബന്ധിച്ചാണു ഞാൻ പറയുന്നതു്. ആ വിവാഹത്തിനു ബ്രാഹ്മണരല്ലാത്ത ആളുകളേയും ക്ഷണിച്ചിട്ടുണ്ടു്. വേറെ ഒരു ബ്രാഹ്മണനു് അയച്ച ക്ഷണക്കത്തു ഞാൻ കണ്ടു. "എന്റെ അനുജൻ ഇന്നാരുടെ പുത്രശാന്തി ഇന്ന മാസം ഇത്രാംതിയ്യതി ഇത്ര മണിയ്ക്കുള്ള ഇന്ന ശുഭമുഹൂർത്തത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കകൊണ്ടു് നിങ്ങൾ ബന്ധുമിത്രാദികളോടുകൂടി വരണമെന്നു" അതിൽ ആവശ്യപ്പെട്ടിരുന്നു. ആ സ്ഥിതിയിൽ consummation അത്ര സ്വകാര്യമായിട്ടുള്ള ഒരു സംഗതിയല്ല.

ഡോക്ടർ എ. ആർ. മേനോൻ : പബ്ലിക്കാണോ ?

മിസ്റ്റർ സി. വി. ഇയ്യു : ആ സമയത്തുള്ള കാര്യമല്ല ഞാൻ പറയുന്നതു്. ഇന്നേദിവസം പുരുഷനും സ്ത്രീയും കൂടി ഒന്നിച്ചു താമസിക്കുവാൻപോകുന്നു, വിവാഹജീവിതത്തിലുള്ള സംഗതികളിൽ അവർ ഇന്നുമുതൽ യോജിച്ചു പ്രവൃത്തിക്കുവാൻപോകുന്നു എന്നുള്ളതിന്റെ നാന്ദിയാണു് അതു്.

Deputy President: Mr. Iyyu, please speak in such a tone as will not be derogatory to the dignity of the House.

Mr. C. V. Iyyu *(Kunnamkulam):* I was just explaining the position to the hon'ble members who were interrupting me off and on.

Deputy President: I don't object to your continuing the speech, but I tell you that you must choose your words.

Mr. C. V. Iyyu *(Kunnamkulam):* The members are making me impossible to reply properly.

Mr. V. J. Mathai *(Planters):* What English is that? *(Laughter):*

Mr. C. V. Iyyu *(Kunnamkulam):* You need not teach me English. You are not my English professor. I will speak in any form of language I would like to speak. If at all anybody is to take objection it is the Chair.

Mr. V. J. Mathai *(Planters):* You must make us understand.

Mr. C. V. Iyyu *(Kunnamkulam):* If you do not understand keep quiet. If my speech is not understandable let the Chair object that.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan *(Chalakkudi):* I cannot also understand your English. *(Laughter).*

Mr. C. V. Iyyu *(Kunnamkulam):* If you cannot understand, that is not my fault.

അതുകൊണ്ടു് Consummation ആയും അറിയാതെയാണു നടക്കുന്നതെന്നു വിചാരിക്കുന്നതു ശരിയല്ല. ആ നിലയ്ക്കു് വിവാഹം 12 വയസ്സിനു മുമ്പു കഴിച്ചതു കൊണ്ടു് യാതൊരപകടവും വരുവാനില്ല.

പിന്നെ ബഹുമാനപ്പെട്ട ലേഡിമെമ്പർ, വിവാഹം കഴിയുന്നതോടുകൂടി പുരുഷന്മാരുടെ സെൻറിമെൻറു സ്ത്രീകൾ അനുസരിച്ചുകൊള്ളണം; സ്ത്രീകളുടെ സെൻറിമെൻറു പുരുഷന്മാർ വകവെയ്ക്കുന്നില്ല എന്നു പറയുകയുണ്ടായി. അതായതു ഭാര്യ മരിച്ചാൽ ഭർത്താവിനു പുനർവ്വിവാഹം ചെയ്യാം; അതുപോലെ ഭർത്താവു മരിച്ചാൽ ഭാര്യക്കു പുനർവ്വിവാഹം ചെയ്യുവാൻ പാടില്ല എന്നു പറയുന്നു. അതിനു കാരണം അവർക്കു ശാസ്ത്രത്തിലുള്ള വിവരക്കുറവുകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു.

നഷ്ടേ മൃതേ പ്രവ്രജിതേ
ക്ലീബേച പതിതേ പതൌ
പഞ്ചസ്വാപത്സു നാരീണാം
പതിരന്യോ വിധീയതേ

Dr. A. R. Menon *(Minister for Rural Development):* On a point of order, Sir, is Sanskrit one of the languages recognised to be addressed to this House?

Mr. C. V. Iyyu *(Kunnamkulam):* I am not speaking in Sanskrit, but I was quoting from Sanskrit. I will explain if you don't understand.

Mr. V. J. Mathai *(Planters):* Is it Sanskrit at all, Sir?

Mr. K. S. Panicker *(Ezhuvas-Mukundapuram):* He may be ignorant of Sanskrit.

Mr. C. V. Iyyu *(Kunnamkulam):* Don't say I am ignorant of Sanskrit. I might have committed some mistake when I read that sloka. This is the meaning of the sloka I read.

"വിവാഹ മോചനത്താലൊ, മരണത്താലൊ, അന്യദേശഗമനത്താലൊ, ക്ലീബത്താലൊ (നപുംസകത്താലൊ), ജാതിഭ്രഷ്ടാലൊ ഈ അഞ്ചു് ആപത്തുകളാൽ ഒരു സ്ത്രീക്കു് തൻെറ ഭർത്താവിനെ നഷ്ടപ്പെട്ടുകയാണെങ്കിൽ വേറെ ഭർത്താവിനെ സ്വീകരിക്കാം". ഭർത്താവു ജീവനോടിരിക്കുമ്പോൾതന്നെ ഭർത്താവിനെ ഉപേക്ഷിച്ചു വേറെ സ്ത്രീയെ വിവാഹം കഴിപ്പാനുള്ള വ്യവസ്ഥപോലും സംഗതികളിലുണ്ടായിരിക്കെ ബഹുമാനപ്പെട്ട ലേഡി മെമ്പർ പുരുഷന്മാരെ അപലപിക്കുന്നതു ശരിയല്ല. ഞാൻ ഒരു സ്ത്രീയല്ലാത്തതുകൊണ്ടാണു് ഇതിലധികം മറുപടി പറയാത്തതു്.

ബഹുമാനപ്പെട്ട ലേഡിമെമ്പരുടെ ശൈശവവിവാഹനിരോധനബിൽ ഈ നിയമസഭയിൽ ആലോചനയിലിരുന്ന കാലത്തു വിധവാവിവാഹത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തെ സംബന്ധിച്ചു് ചില വാദപ്രതിവാദങ്ങൾ മിസ്റ്റർ ടി. എസ്സു്. രാമചന്ദ്രയ്യരുമായി ഇവിടെ നടത്തുകയുണ്ടായി. അതു ഞാൻ ഇവിടെ വായിക്കാം.

"Mrs. Thankamma N. Menon *(Ernakulam-Women):* Why don't you introduce it ?

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam):* You introduce Madam, and I shall co-operate.

Mrs. Thankamma N. Menon *(Ernakulam-Women):* You introduce such a measure and I shall co-operate. *(Laughter).*

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam):* Very well."

ഇതാണു് അവർ നടത്തിയ വാദപ്രതിവാദങ്ങൾ. ഇതു് ഈ സഭയിലെ ബ്രാഹ്മണസമുദായത്തിൽപെട്ട ഒരു പ്രമുഖാംഗംതന്നെ ആവശ്യപ്പെട്ടിട്ടുള്ള സംഗതിയാണു്. ബഹുമാനപ്പെട്ട മിസ്സിസ്സു് മേനോൻ മുമ്പു ഞാൻ വായിച്ച പ്രതിവാദം നടത്തിയതല്ലാതെ ഇതുവരെയും ഒരു വിധവാവിവാഹബിൽ ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടില്ല.

മിസ്സിസ്സു് തങ്കമ്മ എൻ. മേനോൻ: വിധവാവിവാഹം നടത്തുവാൻ വിരോധമില്ലെന്നു ശാസ്ത്രം സമ്മതിക്കുന്നതായി നിങ്ങൾ ഇവിടെ ഒരു ശ്ലോകം വായിച്ചുവല്ലൊ; അതനുസരിച്ചു് നടക്കുവാൻ സമുദായം സമ്മതിക്കുന്നുണ്ടോ ? ചിറ്റൂരിൽതന്നെ ഒരു ബ്രാഹ്മണയുവാവു് രണ്ടാമതു് വിവാഹംകഴിച്ചിട്ടു് ആ സമുദായം വളരെ എതിരോടുക്കുടി അതു സമ്മതിച്ചു കൊടുക്കാതെ ബഹളം കൂട്ടുകയുണ്ടായി. അങ്ങിനെ ഉണ്ടായിട്ടില്ലെന്നു അദ്ദേഹം പറയട്ടെ.

മിസ്റ്റർ സി. വി. ഐയ്യു: വിവാഹംപോലെതന്നെ ഉപനയനം മുതലായ സംഗതികളിൽ ഹിന്ദുക്കളും, ശൈശവ വിവാഹം ശിശ്രൂസ്നാനം മുതലായവ ക്രൂസ്ത്യാനികളുടെ ഇടയിലും മതപരമായ ആചാരങ്ങളായി പണ്ടുമുതല്ക്കുതന്നെ പ്രവൃത്തിച്ചുവരുന്ന ആചാരങ്ങളാണു്. അതൊന്നും പാടില്ലെങ്കിൽ അതിനെല്ലാം ഓരൊ നിയമമുണ്ടാക്കണം. വിവാഹമെന്നുള്ളതു് സാക്രമെൻറായതുകൊണ്ടു് അതു് ഇന്നിന്നവിധത്തിലെ ചെയ്യുവാൻ പാടുള്ളു എന്നു് നിയമംമൂലം നിബ്ബന്ധിക്കുന്നതു് മത സ്വാതന്ത്ര്യത്തിനും പ്രമാണത്തിനും വിരുദ്ധമാണു്. ഞാനൊരു ഹിന്ദുവല്ലെങ്കിലും മതസ്വാതന്ത്ര്യപ്രമാണമനുസരിച്ചു ഈ ബഹുമാനപ്പെട്ട സഭ ഈ ബില്ലിനെ അനുകൂലിക്കണമെന്നാണാവശ്യപ്പെടുന്നതു്. ഇതിനും പുറമെ ഈ ബില്ലിൽ കൂടുതൽ അഫെക്ടു് ചെയ്യുന്നതു് തമിഴു് ബ്രാഹ്മണ സമുദായത്തെയാണു്. ഈ സഭയിലെ ബ്രാഹ്മണ സമുദായത്തിൽപെട്ട മൂന്നംഗങ്ങളും ഈ നിയമത്തെ എതിർക്കുന്നു. അങ്ങിനെയിരിക്കെ അവരുടെ മതത്തേയും ആചാരത്തേയും തടയത്തക്കവിധത്തിൽ ഭൂരിപക്ഷത്തോടുക്കുടി ഒരു ബിൽ ഇവിടെ പാസ്സാക്കിയതു് തീരെ നന്നായിട്ടില്ലെങ്കിലും ചുരുങ്ങിയപക്ഷം മതസംബന്ധമായ കാര്യങ്ങളിൽ അവരുടെ ഹൃദയത്തെ വേദനിപ്പിക്കാതെ, ഈ നിയമത്തിന്റെ തത്വത്തിനും നടത്തിപ്പിനും ഹാനി വരുത്താതെ ഈ ഭേദഗതി പാസ്സാക്കിക്കൊടുക്കേണ്ടതു് നിയമസഭയുടെ പ്രധാന ചുമതലയാണെന്നാണു് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ എ. ബി. സേലം: ഇന്ത്യയിൽ ശാരദ ആക്ടു് അക്സപ്റ്റു് ചെയ്തില്ലേ ?

മിസ്റ്റർ സി. വി. ഐയ്യു: അതൊക്കെ തെറ്റാണു്. കാശ്മീർ ഒരു ഹിന്ദുരാജാവിനാൽ ഭരിക്കപ്പെടുന്ന രാജ്യമാണു്. എന്നാൽ അവിടത്തെ ഭൂരിപക്ഷം പ്രജകളും മഹമ്മദീയരാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം: അവിടെ പശുക്കളെ കൊല്ലുന്ന ആളുകളെ കൊല്ലണമെന്ന നിയമമുണ്ട്.

മിസ്റ്റർ സി. വി. ഐയ്യു: കൃഷിയെ രക്ഷിക്കുവാൻവേണ്ടിയാണു് പശുക്കളെ കൊല്ലരുതെന്നു പറയുന്നതു്. അവിടെ മഹമ്മദീയ സമുദായത്തെ ബാധിക്കുന്ന എന്തെങ്കിലും ഒരു നിയമമുണ്ടാക്കണമെങ്കിൽ ആ സമുദായത്തിൽപെട്ട ഒരാളായിരിക്കണം ബിൽ കൊണ്ടുവരേണ്ടതു്. മാത്രമല്ല, മഹമ്മദീയ സമുദായത്തിലെ മുക്കാൽഭാഗം നിയമസഭാംഗങ്ങളും ആ ബില്ലിനു അനുകൂലികളുമായിരിക്കണം. എന്നാൽ മാത്രമെ അതു സഭയിൽ കൊണ്ടുവരുവാൻ പാടുള്ളു എന്നു് പ്രത്യേക നിയമമുണ്ടു്. ഇവിടെ ഈ ബിൽ അവതരിപ്പിച്ചതു് ബ്രാഹ്മണരല്ല. ബ്രാഹ്മണ സമുദായത്തിലെ മുക്കാൽഭാഗം അംഗങ്ങളും ഇതിനെ എതുത്തിട്ടുണ്ടു്. അങ്ങിനെയിരിക്കെ ഈ ബിൽ ഈ സഭ പാസ്സാക്കീട്ടുള്ളതു് ഒരു ന്യൂനപക്ഷത്തിന്റെ മേൽ കുതിര കയറുന്നതിനു കാരണമായിട്ടുണ്ടു്. അതുകൊണ്ടു് ഈ സഭയുടെ ആലോചനക്കുറവിനെ പരിഹരിക്കുവാൻ, മതസംബന്ധമായ ആചാരങ്ങൾ പാലിക്കുവാനുള്ള ഒരു നിവൃത്തിമാർഗ്ഗം വരുത്തുവാൻ ഈ ഭേദഗതി സ്വീകാര്യമായിട്ടുള്ളതാണു്. ഇതുശാന്തി പരസ്യമാക്കാതെ മൂടിവെക്കുന്നതിനു സാദ്ധ്യമല്ല. അങ്ങിനെയിരിക്കെ ഫ്ര ര് വയസ്സിനു മുമ്പു് വിവാഹംകഴിക്കുന്നതുകൊണ്ടു് യാതൊരപകടവും വരുവാനില്ല. ഈ സഭയുടെ അഭിമാനത്തേയും ചരിത്രത്തേയും രക്ഷപ്പെടുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ നിങ്ങളെല്ലാവരും സ്വാഗതം ചെയ്യണമെന്നു ഞാൻ സഭയോടപേക്ഷിച്ചുകൊള്ളുന്നു.

Mr. A. V. Moothedan *(Chalakkudi):* Sir, I move that the question be put now. We have had enough discussion.

Several hon'ble members.—We also wish to speak.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: ഞാനും ഈയവസരത്തിൽ ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. മിസ്സസ് മേനോൻ ഈ സഭയിൽ ഒരു ബില്ല കൊണ്ടുവന്നു് പാസ്സായി, നിയമമായി അതു് സ്റ്റാറ്റൂട്ടു ബുക്കിൽ സ്ഥാനം പിടിച്ചുകഴിഞ്ഞിട്ടുണ്ടു്. അതു പാസ്സായതു കൊണ്ടോ.....

Deputy President: Before you proceed with your speech, I want to know whether anybody has seconded the closure motion of Mr. Moothedan.

Mr. A. V. Moothedan *(Chalakkudi):* I withdraw my motion, Sir.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: ഈ നിയമം ഉണ്ടെങ്കിലും ഇല്ലെങ്കിലും നമ്മുടെ സമുദായത്തിന്റെ നടപടി ക്രമങ്ങൾക്കു് യാതൊരു വ്യത്യാസവും വരുത്തുവാൻ പോകുന്നില്ല. അതുപോലെതന്നെ ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലു് പാസ്സായാലും ഇല്ലെങ്കിലും സമുദായത്തിൽ യാതൊരു വ്യത്യാസവും വരുന്നതല്ല. അതുകൊണ്ടു എനിക്കു പ്രധാനമായി പറയുവാനുള്ളതു് ഇന്നു് ഫ്ര വയസ്സിനു മേലല്ലാതെ ഫ്രാ-ക്കു ഒന്നുപോലും കല്യാണം നടക്കുന്നുണ്ടോ എന്നകാര്യം സംശയമാണു്. അതുകൊണ്ടു ഞാൻ സമർത്ഥിക്കുന്നതു് Orthodox people അപൂർവ്വം ചിലരുണ്ടെങ്കിൽ അവരുടെ മനസ്സിനെ വേദനപ്പെടുത്തുവാൻ മാത്രമേ ഈ നിയമം പ്രയോജനപ്പെടുന്നുള്ളു എന്നാണു്. ഇതു നിയമമായിക്കഴിഞ്ഞിട്ടില്ലെങ്കിലും ഇന്നത്തെ നിലയിൽ ഒരു പത്തുകൊല്ലംകൂടിക്കഴിയുമ്പോൾ ഈ സമ്പ്ര

LIBRARY ARCHIVES Kerala Legislative Assembly

ദായം തനിയെ തേഞ്ഞുമാഞ്ഞു പോകുമെന്നുള്ളതിനു സംശയമില്ല. അതുകൊണ്ട് വെറുതെ ഇങ്ങനെയുള്ള ബില്ലുകൾ മിസിസ്സ് മേനവനും മിസ്റ്റർ ഭാസ്കരമേനവനും ഇവിടെ കൊണ്ടുവന്ന് ഈ നിയമസഭയുടെ സമയം കളയുന്നതിൽ യാതൊരർത്ഥവുമില്ല. നായന്മാരുടെയിടയിലുണ്ടായിരുന്ന കെട്ടുകല്യാണം, ഏറ്റവും ബാലിശമായ ആ സമ്പ്രദായം വല്ല നിയമനിർമ്മാണവും കൊണ്ടാണോ ഇല്ലാതായതു് എന്നു ഞാൻ ചോദിക്കുന്നു. അതിപ്പോൾ തീരെ അസ്തമിച്ചുപോയിട്ടില്ലെ? അതുപോലെതന്നെ ഇതും യാതൊരു നിയമനിർമ്മാണവും കൂടാതെ കാലക്രമത്തിൽ അസ്തമിച്ചുകൊള്ളും. ഞാൻ പറയുന്നതു് ഇതു പാസ്സായാലും ഇല്ലെങ്കിലും സമുദായത്തിനു തീരെ ആവശ്യമില്ലെന്നാണു്. ഏതാനും ചില Orthodox people ഉണ്ടെങ്കിൽ Why should you wound their feelings. This institution will come to an end by the mere efflux of time. Therefore, don't poke your nose. That is my submission to this House.

*__Dr. A. R. Menon__ *(Minister for Rural Development):* Sir, this Bill was discussed threadbare last time and it passed through the various stages. I don't think there was any undue hurry to put this measure through in spite of the assertion of the Hon'ble Member for Nellayi.

__Mr. T. A. Ramachandra Ayyar__ *(Nellayi):* Was it sent to the Select Committee?

__Dr. A. R. Menon__ *(Minister for Rural Development):* There was no need to send it to a Select Committee, because the fundamental principle of that Bill was the restriction of marriages within a certain age. The amendment proposed now, if carried, will in effect be torpedoing the original measure already in the statute book. This is not an ordinary amendment. What do you mean by saying that marriages without consummation should be permitted at any time? The Bill was introduced to put an end to that practice. Now the only argument that would weigh with me is to say that the majority communities are coming here and oppressing a dire infinitesimally small minority community. Now I understand from the statement of the Hon'ble Member, Mr. T. S. Ramachandra Ayyar that the existing practice is more or less befitting the conditions enumerated in the Bill, because generally very few marriages take place under the age of 14. Admitted. If that is so, what is your objection in enacting such a measure? If it is stated that a large number of marriages are taking place before the age of 14 or 12 whatever that may be, and by enacting this measure, you are depriving that right of the community to marry their girls at a certain age in consonance with the *Sastras* as propounded by the Great *Sastri* sitting next to Mr. Bhaskara Menon.

__Mr. C. V. Iyyu__ *(Kunnamkulam):* I am not a *Sastri*.

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon *(Minister for Rural Development):* We can understand that there is a religious feeling attached to it. It was stated the word "religion" is a matter of importance and one must make an allowance for it. But he himself says that a large number of marriages take place not under the age of 14, but above that age-limit. I ask then, Sir, what is your objection in enacting that practice in a measure of this kind?

Mr. K. S. Panicker *(Ezhuvas-Mukundapuram):* If that is the case what is the necessity for a legislation at all? I put it only the other way.

Dr. A. R. Menon *(Minister for Rural Development):* What is the objection?

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam):* Why should you wound the feelings of a few orthodox people?

Dr. A. R. Menon *(Minister for Rural Development):* There are many laws which may not be of much use, yet they are in the statute book. You don't remove them, because they are not useful. You keep them there, so that if an occasion arises the statute may be made operative.

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam):* It is a superfluous measure.

Dr. A. R. Menon *(Minister for Rural Development):* Yes. The greatest charge you can levy against that measure, after all, is superfluity. Nothing else. Well, it is a superfluous measure. That is a different thing altogether from stating that it is a measure which is outrageous and which would wound the feelings of the community, which violates the religious feelings of a community, and things like that, and therefore, should not be made applicable. I am asking what became of that religious principle, when this law was enacted in British India, and out of 100 Tamil Brahmins 99 were brought within the operation of this measure? Even in Travancore, when an exemption was given as regards the conscience clause everyone became conscious of the necessity of marriage above 14. Government, I understand, had to restrict that conscience clause. Therefore we are only a small class, a small moiety, a small atom, in this big ocean of what is called the Indian Empire. And when there are such laws both on our right and on our left, is it not proper that we should bring our law also into conformity with the laws prevailing there, and that was the only difficulty I had to meet with the Christian Succession Bill. Should we not be careful as not to create any trouble in the future by having different laws for different limits? That is the only argument. I am fully satisfied that this amendment will not be carried in this House. If it is

LIBRARY ARCHIVES Kerala Legislative Assembly

carried then that Bill you yourselves have passed will become inoperative. Therefore I request that this amendment should not be permitted to be passed in this House.

Mr. K. S. Panickar *(Ezhuvas-Mukundapuram):* What is the opinion of the Government?

Mr. K. Achyuta Menon *(Secretary to Government):* Government members are at liberty to vote and speak as they please, that is, we assume the old position.

Mr. V. J. Mathai *(Planters):* Government as such has no position, is it not?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ശൈശവവിവാഹ നിരോധനബിൽ ഇവിടെ അവതരിപ്പിച്ച സമയത്തു തന്നെ ഞാൻ അതിനെ എതുത്തിട്ടുള്ള ഒരാളാണു്. മൂന്നാംവായനവരെയും ഞാനതിനെ എതുത്തിട്ടുണ്ടു്.

ഡെപ്യൂട്ടി പ്രസിഡണ്ടു്: മിസ്റ്റർ ഗോപാലമേനോൻ അധികസമയമെടുക്കുന്നില്ലെങ്കിൽ നിങ്ങൾ അധികം സമയമെടുക്കാതിരുന്നാൽ ഇതു ഇന്നു തന്നെ അവസാനിപ്പിക്കാമെന്നു തോന്നുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വേണ്ടിവന്നാൽ ഇതു് അടുത്തമകരം സെഷനിലേക്കു നീട്ടാമല്ലോ. ഇന്നുതന്നെ പാസ്സാക്കണമെന്നു അവതാരകനു നിർബ്ബന്ധമുണ്ടെങ്കിൽ ഞാനധികം സംസാരിക്കണമെന്നു വിചാരിക്കുന്നില്ല.

മിസ്റ്റർ വി. കെ. ഗോപാലമേനോൻ: എനിക്കു നിർബ്ബന്ധമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മൂന്നാംവായനവരെ എതുത്തവരിൽ ഒരാളാണു് ഞാൻ. തമിഴു് ബ്രാഹ്മണസമുദായത്തിൽ നടന്നുവന്നിരുന്നതായി പറയുന്ന ശൈശവവിവാഹം യഥാർത്ഥത്തിലുള്ളതാണെന്നു് വിചാരിക്കുവാൻ പാടില്ലെന്നു അന്നത്തെ എന്റെ വാദം തന്നെ ഇന്നും ഞാൻ പറയുന്നു. ശൈശവത്തിൽ വിവാഹം കഴിഞ്ഞാലും ദാമ്പത്യജീവിതം തുടങ്ങുന്നതു് Nuptial കഴിഞ്ഞതിനു ശേഷമാണു്. അതുകൊണ്ടു അങ്ങിനെയുള്ള വിവാഹത്തെ ശൈശവവിവാഹമായി വ്യാഖ്യാനിക്കരുതെന്നാണു് അന്നു ഞാൻ പ്രസ്താവിച്ചതു്. ആ ഒരു ഭാഗത്തെ അടിസ്ഥാനപ്പെടുത്തിയാണു് മിസ്റ്റർ ഇബ്രാഹിം പറഞ്ഞതുപോലെ ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പർ നമ്പർ 2, ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ ഭേദഗതി ഇവിടെ പാസ്സാക്കിയാൽ ആദ്യം പാസ്സാക്കിയ ബില്ലിനെ പാടെ തകിടം മറിക്കുമെന്നു പറയുന്നതു് മറവുള്ളവരെ തെറ്റിദ്ധരിപ്പിക്കുന്നതിനോ, വ്യാമോഹിപ്പിക്കുന്നതിനോ വേണ്ടിയല്ലേ എന്നു ഞാൻ വിചാരിക്കുന്നു. ദാമ്പത്യത്തിന്റെ ആരംഭം Nuptial marriage-നു ശേഷമായതുകൊണ്ടു് ആദ്യത്തെ വിവാഹത്തിനു ശരിയായ മാതിരിജു് എന്നപേർ കൊടുക്കുവാൻ പാടില്ലാ എന്നാണു് ബഹുമാനപ്പെട്ട മെമ്പർ ഈ ഭേദഗതികൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. ഈ നിയമസഭയിൽ ഇതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മിനിസ്റ്റരും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമെമ്പറും ബഹുമാനപ്പെട്ട ഏറണാകുളം ലേഡിമെമ്പറും പറഞ്ഞിട്ടുള്ളതിനു് ഇവിടെ ഒരു സ്ഥാനവും കല്പിക്കേണ്ടതില്ലെന്നു ഈ ബില്ലിന്റെ തത്വത്തെപ്പറ്റി സൂക്ഷ്മമായി പരിശോധിച്ചാലറിയാം.

---

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ശൈശവവിവാഹ നിരോധനബിൽ ഇവിടെ പാസ്സായിട്ട് മാസങ്ങൾ കുറെയായി. കൊച്ചി രാജ്യത്തിന്റെ തലസ്ഥാന നഗരിയായ എറണാകുളം പട്ടണത്തിൽ തന്നെ അതിനുശേഷം എത്ര ശൈശവവിവാഹങ്ങൾ നടന്നിട്ടുണ്ടെന്നുള്ള സംഗതി ഈ നിയമസഭാമെമ്പർമാരോ, ഗവമ്മെണ്ടോ ബില്ലവതരിപ്പിച്ച ബഹുമാനപ്പെട്ട ലേഡിമെമ്പറോ അന്വേഷിച്ചിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. എറണാകുളത്തുനിന്നു പുറപ്പെടുന്ന ചില പത്രങ്ങളിൽ ശൈശവവിവാഹം നടത്തുന്നതിനെ സംബന്ധിച്ച് പല റിപ്പോർട്ടുകളും പ്രസിദ്ധപ്പെടുത്തീട്ടുണ്ടായിരുന്നു. അതിനെ സംബന്ധിച്ചു ഗവമ്മെണ്ട് യാതൊരു നടപടിയും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട ലേഡിമെമ്പറും അതിനെ സംബന്ധിച്ച് അന്വേഷിച്ചിട്ടില്ല.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ : ഏതു പേപ്പറിലാണ്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എറണാകുളത്തുനിന്നു പുറപ്പെടുന്ന മലയാളം പത്രങ്ങളിൽ.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ . ആ മലയാളപത്രങ്ങളുടെ പേരെന്താണ്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : മലബാർമെയിലിലും, ദീപത്തിലുമാണ് കണ്ടതു്. ഏതു് ഇഷ്യു ആണെന്നു് ഓർമ്മയില്ല. ഗവമ്മെണ്ടിൽനിന്നും അതിനെപ്പറ്റി യാതൊരു ആക്ഷനും എടുത്തിട്ടില്ല. ബഹുമാനപ്പെട്ട ലേഡിമെമ്പറോ, ഈ നിയമസഭയൊ ആവലാതിപ്പെട്ടിട്ടുമില്ല. അതുകൊണ്ട് ഇങ്ങനെയൊരു ബിൽ പാസ്സായിട്ടും യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ : ശൈശവവിവാഹം നടക്കുന്നുണ്ടെന്നുള്ളതു് തീച്ചയായി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തീച്ചയായും നടക്കുന്നുണ്ടെന്നുള്ളതു് എനിക്കറിയാം. ഈ ബിൽ പാസ്സായതിനുശേഷം ഫർ വയസ്സ് കഴിഞ്ഞു കല്യാണം നടത്തുന്നവരുമുണ്ട്. പക്ഷെ ശൈശവവിവാഹമെന്നുള്ള പേർ നിലനില്ക്കുന്ന കാലത്തോളം വിവാഹം അധികവും അങ്ങിനെ നടക്കും. ശൈശവവിവാഹത്തെ തടയുവാൻ പാടില്ലെന്നു ഞാൻ പറഞ്ഞതു് ശരിയാണെന്നു് ശൈശവവിവാഹം നിലനിന്നുപോരുന്ന സമുദായങ്ങളിലെ അവിവാഹിതരായ സ്ത്രീകളുടെ ഒരു കണക്കെടുത്തുനോക്കിയാൽ മനസ്സിലാകും. മറവുള്ള സമുദായങ്ങളിൽ അവിവാഹിതരായ സ്ത്രീകൾ ധാരാളമുള്ളപ്പോൾ ബ്രാഹ്മണസമുദായത്തിൽ അവിവാഹിതരായ സ്ത്രീകളെ വളരെ ദുർല്ലഭമായിട്ടേ കാണുവാൻ കഴിഞ്ഞിരുന്നുള്ളു. വിധവാവിവാഹത്തിനുള്ള ബിൽ ഇവിടെ കൊണ്ടുവരപ്പെട്ടിട്ടില്ലെങ്കിൽതന്നേയും ആ വിധവാവിവാഹംകൂടി തമിഴ് ബ്രാഹ്മണരുടെയിടയിൽ നടക്കുന്നുണ്ട്.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ : തിയ്യബില്ലിൽ എന്തിനാണ് ഒരു ക്ലാസ്സ് വെച്ചതു്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഞങ്ങൾക്കങ്ങിനെയല്ല പതിവു്. വളരെ പ്രായംകൂടിയ നിലയിൽനിന്നു കുറെ കുറച്ചിട്ടേയുള്ളു. ൧൦-ം ൧൫-ം, ൧൨-ം വയസ്സായിട്ടാണ് സ്ത്രീകളെ കല്ല്യാണം കഴിച്ചുകൊടുത്തിരുന്നതു്. അതിപ്പോൾ ഫർ വയസ്സ് എന്നാക്കീട്ടുണ്ട് അത്രയേയുള്ളു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : ബ്രാഹ്മണസമുദായത്തിൽ മാത്രല്ല വിധവകളുള്ളതു്, മറവ സമുദായങ്ങളിലുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കൊച്ചി രാജ്യത്തു ആദ്യത്തെ കൊ-ഒപ്പറേറീവു് റജിസ്ട്രാറായിരുന്ന, ബ്രാഹ്മണസമുദായത്തിൽ പെട്ട ഒരു മാന്യ ദേഹമായ ഗായത്രിനാഥയ്യർ അദ്ദേഹത്തിന്റെ മകളെ വിധവാവിവാഹം കഴിച്ചുകൊടുത്തിട്ടുണ്ടു്. യാഥാസ്ഥികന്മാരായ നമ്പൂതിരിമാരുടെ സമുദായത്തിലും വിധവാവിവാഹം നടക്കുന്നുണ്ടു്. ബഹുമാനപ്പെട്ട തത്തമംഗലം നിയോജകമണ്ഡലം മെമ്പർ രാമചന്ദ്രയ്യർ അവർകൾ പറഞ്ഞതുപോലെ നായർസമുദായത്തിൽ താലികെട്ടു കല്യാണം നിന്നുപോയ മാതിരി ചിലതെല്ലാം നടക്കും, ചിലതെല്ലാം നില്ക്കും. അതിനൊരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല; അതിനുവേണ്ടി സമയം ചിലവാക്കേണ്ടതുമില്ല.

മിസ്റ്റർ ഏ. വി. മൂത്തേടൻ : തിയ്യ ആക്ടു് ഇവിടെ പാസ്സാക്കിയില്ലേ ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തിയ്യ ആക്ടു് ഞങ്ങളുടെ കസ്റ്റംസ് അനുസരിച്ചു് കൊണ്ടുവന്നിട്ടുള്ളതാണു്; അല്ലാതെ അതിൽ യാതൊരു തിരുമറികളോ, വിപ്ലവകരമായ സംഗതികളോ ഇല്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : നിങ്ങൾ ഏതു് ബില്ലിനെപ്പറ്റിയാണു് പറയുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തിയ്യ ബില്ലിനെ സംബന്ധിച്ചു് ബഹുമാപ്പെട്ട ചാലക്കുടിമെമ്പർ ചോദിച്ചതിനു് മറുപടി പറഞ്ഞതാണു്.

ഇങ്ങിനെയുള്ള ഒരു ഭേദഗതികൊണ്ടു് ഈ ബിൽ പാടെ തകിടംമറിഞ്ഞു പോകുമെന്നു് ഒരിക്കലും ഭയപ്പെടുവാനില്ല. Nuptial ആണു് marriage എന്നു വെച്ചാൽ ബില്ലിനു് എന്താണു് ദോഷംവരുവാൻപോകുന്നതെന്നു ഗവണ്മെണ്ടും ഈ നിയമസഭയും ആലോചിക്കണം. ഈ നിയമസഭയ്ക്കു ഒരു convention ഉള്ളതായിട്ടു് ക്രസ്ത്യാനി ബില്ലിനെപ്പറ്റി ഇവിടെ നടന്ന വാദപ്രതിവാദങ്ങൾകൂടി ഒന്നു പറയുകയുണ്ടായി. അതെ convention ഈ സംഗതിയിലും എടുക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ഈ നിയമസഭ തുടങ്ങിയകാലംമുതൽ മൂന്നോ, നാലോ തമിഴ്ബ്രാഹ്മണ മെമ്പർമാർ ഈ കൌൺസിലിലുണ്ടു്. അവക്കു് ഇങ്ങിനെ ഒരു ബില്ലിന്റെ ആവശ്യമുണ്ടായിരുന്നുവെങ്കിൽ അവരുടെ സമുദായത്തിൽപ്പെട്ട ആളുകൾ കൊണ്ടുവരേണ്ടതായിരുന്നു. അതവർ കൊണ്ടുവന്നിട്ടില്ല.

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ : ആ സമുദായത്തിൽപ്പെട്ട സ്ത്രീകൾ പ്രതിനിധികളായിട്ടുണ്ടായിരുന്നുവോ ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തിയ്യസമുദായത്തേയും, നായർ സമുദായത്തേയും, ക്രസ്ത്യാനിസമുദായത്തേയും പോലെ ഉദ്ദേശിച്ചുകൊണ്ടാണോ ബ്രാഹ്മണ സമുദായത്തെ പ്രധാനമായി ബാധിക്കുന്ന ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നിട്ടുള്ളതെന്നു് ഞാൻ ബലമായി സംശയിക്കുന്നു. വേണമെങ്കിൽ തമിഴ്ബ്രാഹ്മണർ അവക്കുവേണ്ടി ഒരു ബിൽ കൊണ്ടുവരട്ടെയെന്നു വിചാരിക്കാമായിരുന്നു; അതല്ല ഉണ്ടായതു് ഇതു് ഇവിടെ ഒരു ബിൽ കൊണ്ടുവന്ന അവരുടെ തലയിൽ ബലമായി വെച്ചുകെട്ടുകയാണുണ്ടായിട്ടുള്ളതു്. ആ സ്ഥിതിയിൽനിന്നും അവക്കു് അല്പമൊരു സ്വാതന്ത്ര്യം ആസ്വദിക്കുവാനുള്ള മാർഗ്ഗം ഈ ഭേദഗതികൊണ്ടു് ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് നായർ സമുദായത്തിൽപ്പെട്ട ഒരു മെമ്പർതന്നെ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Mulakunnathukavu):* What do you say, you belong to the Nayar Community?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പർ മിസ്റ്റർ രാമുണ്ണിമേനോൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ബ്രാഹ്മണസമുദായത്തിനു് പ്രത്യേകിച്ചു് ഒരാശ്വാസത്തിനു് വക നൽകുന്നുണ്ടെന്നാണു് എന്റെ വിശ്വാസം.

Deputy President: Yon may finish your speech.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതുകൊണ്ടു് ഒരു സമുദായം മറ്റൊരു സമുദായത്തെ ചവിട്ടി അമർത്തുവാൻ വേണ്ടി ഒരു ബിൽ അവതരിപ്പിച്ചിട്ടുള്ളതിന്റെ ദോഷത്തെ പരിഹരിക്കുവാനായിട്ടു് അതെ സമുദായത്തിൽപ്പെട്ട മറ്റൊരംഗം ഇവിടെ കൊണ്ടുവന്നിട്ടുള്ളതാണു് ഈ വിവാദത്തിനുള്ള ഭേദഗതിബിൽ. ഈ ഭേദഗതികൊണ്ടു് ബില്ലു് തകർന്നുപോകുമെന്നുള്ളതു് അടിസ്ഥാനരഹിതമാണെന്നും ഈ ബില്ലിനെ എല്ലാവരും സർവ്വശക്തിയോടുംകൂടി സപ്പോർട്ടുചെയ്യേണ്ടതാണെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

The House stood adjourned sine die at 5 p.m.

C. J. MATHEW
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly